# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.969 10.06.2019 ലെ മറുപടി**

## മണലായ ലിഫ്റ്റ് ഇറിഗേഷൻപദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ മണലായ ലിഫ്റ്റ് ഇറിഗേഷൻപദ്ധതി (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി) -യ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഭരണാനുമതി ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി.യിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഭരണാനുമതി നൽകുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണമെന്തെന്ന് അറിയിയ്ക്കുമോ;<br>(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിൽ വകുപ്പിനുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കി ഭരണാനുമതിയും ഫണ്ടും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (എ)യും (ബി)യും (സി)യും<br>പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ മണലായ ലിഫ്റ്റ് ഇറിഗേഷൻപദ്ധതി (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി)-യ്ക്ക് എസ്റ്റിമേറ്റ്, സാമ്പത്തികാനുമതിയ്ക്കായി PRICE മുഖേന ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഐ.ഡി.ആർ.ബിയ്ക്ക് സമർപ്പിച്ചിരുന്നു. എസ്റ്റിമേറ്റ് IDRB പരിശോധിച്ചപ്പോൾ ചില തിരുത്തലുകൾ വേണ്ടി വന്നു. ആയത് പരിഹരിച്ച് പുതിയ എസ്റ്റിമേറ്റ് നല്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് തിരിച്ചയച്ചിരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി വിശദപഠന റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനും പ്രവൃത്തിയുടെ പ്രായോഗികതയും സ്ഥല ലഭ്യതയും കണക്കിലെടുത്ത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

SRട്ട്.

**സെക്ഷൻ ഓഫീസർ**